# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4524 — 20.10.2011-ൽ മറുപടിക്ക്

### അങ്കമാലിയിൽ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ. | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | അങ്കമാലിയിൽ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ട്രാഫിക് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | അങ്കമാലി ടൗണിൽ എൻ.എച്ചിന്റെ ഇരുവശങ്ങളിലും പാർക്കിംഗ് ഒഴിവാക്കുന്നതിന് അങ്കമാലി നഗരസഭയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിന് സമീപം എം.സി. റോഡിൽ രണ്ടുവശങ്ങളിലുമുള്ള പാർക്കിംഗ് ഒഴിവാക്കി, ഒരു വശത്ത് മാത്രം ചെറു വാഹനങ്ങൾക്ക് പാർക്കിംഗ് പരിമിതപ്പെടുത്തുന്നതിന് നഗരസഭയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അങ്കമാലി ടൗണിലെ പ്രധാന ജംഗഷനുകളിൽ ഗതാഗത നിയന്ത്രണത്തിനായി, തിരക്കുള്ള സമയങ്ങളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് ഗതാഗതം സുഗമമാക്കുവാനും നടപടികൾ സ്വീകരിച്ചു വരികയാണ്. |

Ashari

സെക്ഷൻ ഓഫീസർ.